## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3694 — 11.12.2018 -ൽ മറുപടിക്ക്

## വഖഫ് ബോർഡ് അംഗങ്ങളുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹിം : | ശ്രീ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) നിലവിലുള്ള വഖഫ് ബോർഡ് രൂപീകരിച്ചപ്പോൾ സെക്ഷൻ 14(C) പ്രകാരം സുന്നി വിഭാഗത്തിൽ നിന്നും ഷിയാ വിഭാഗത്തിൽ നിന്നും അംഗീകൃത പണ്ഡിതന്മാർ വേണം എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ബോർഡ് അംഗങ്ങളായ പണ്ഡിതന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) 1995-ലെ വഖഫ് ആക്ട് 14(C) പ്രകാരം പണ്ഡിതന്മാർ വേണമെന്ന് വ്യവസ്ഥയില്ല. |
| (ബി) വഖഫ് ബോർഡ് വെൽഫെയർ ഫണ്ടിന് അർഹരായ ഇസ്ലാമിക പണ്ഡിതൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) MFB, MFF, MFD, AFSAL, UL-ULAMA, SAQAFI, FAIZY, HUDAVI തുടങ്ങിയ ഇസ്ലാമിക വിഷയങ്ങളിൽ ബിരുദമുള്ളവർ |
| (സി) വഖഫ് ബോർഡ് മെമ്പർമാരുടെ യോഗ്യത സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) ഉണ്ട്. കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ ചെയർമാനെയും മെമ്പർമാരെയും നിയമിച്ചതിൽ അപാകതയുണ്ടെന്ന് ആരോപിച്ചുകൊണ്ട് ശ്രീ.സി.പി അബ്ദുള്ളക്കുട്ടി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ടുള്ള WP(C)No.8887/18 കേസ്സിലെ |

27-3-2018 ലെ വിധിന്യായ പ്രകാരം പ്രസ്തുത പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ഡോ.എ.ബി മൊയ്തീൻകുട്ടിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച്, ബഹു. ഹൈക്കോടതിയുടെ 27-3-2018 തീയതിയിലെ പ്രസ്തുത വിധിന്യായം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാതിക്കാരൻ ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ വീണ്ടും ഫയൽ ചെയ്ത WP(C)No.31212/2018 കേസ്സിലെ 5-10-2018-ലെ വിധിന്യായത്തിൽ, പ്രസ്തുത വിധിന്യായം കിട്ടി മൂന്ന് മാസത്തിനുള്ളിൽ ടി വിഷയം തീർപ്പാക്കണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതും ആയത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥന് അന്വേഷണ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ രണ്ടു മാസത്തെ സമയപരിധി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ